**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1570** **19-06-2024 - ൽ മറുപടിയ്ക്ക്**

**അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിന് നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂവുടമകളുടെ കൈവശം രേഖകളിൽ ഉള്ളതിനേക്കാൾ അധികമായുള്ള ഭൂമിക്ക് കൈവശാവകാശ രേഖയില്ലാത്തത് മൂലം സംജാതമായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെറ്റിൽമെന്റ് കാലത്ത് ചങ്ങല ഉപയോഗിച്ചുള്ള ലിംഗ്സ് അളവുകളും പിന്നീട് ടേപ്പ് ഉപയോഗിച്ച് മീറ്റർ അളവുകളിലും അളന്ന് വിസ്തീർണ്ണം കണക്കാക്കി നിശ്ചിത എല്ലകകൾക്കുള്ളിൽ കൈവശം വച്ച് അനുഭവിക്കുന്ന ഭൂമികൾ അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഡിജിറ്റൽ റീസർവെയിൽ സ്വാഭാവികമായും വിസ്തീർണ്ണ വ്യത്യാസം രേഖപ്പെടുത്തും. ഇത്തരത്തിൽ ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധിക ഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും കൈവശംവച്ചിട്ടുള്ളതാണെങ്കിൽ ആ ഭൂമിയുടെ ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം നിർമ്മിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുന്നതോടെ ഓരോ ഭൂവുടമയുടെയും കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെറ്റിൽമെന്റ് കാലത്ത് ചങ്ങല ഉപയോഗിച്ചുള്ള ലിംഗ്സ് അളവുകളും പിന്നീട് ടേപ്പ് ഉപയോഗിച്ച് മീറ്റർ അളവുകളിലും അളന്ന് വിസ്തീർണ്ണം കണക്കാക്കി നിശ്ചിത എല്ലകകൾക്കുള്ളിൽ കൈവശം വച്ച് അനുഭവിക്കുന്ന ഭൂമികൾ അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള ഡിജിറ്റൽ റീസർവെയിൽ സ്വാഭാവികമായും വിസ്തീർണ്ണ വ്യത്യാസം രേഖപ്പെടുത്തും. ഇത്തരത്തിൽ ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാകുമ്പോൾ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധിക ഭൂമിക്ക് അവ തർക്കം കൂടാതെയും നിയമവിരുദ്ധമല്ലാതെയും കൈവശംവച്ചിട്ടുള്ളതാണെങ്കിൽ ആ ഭൂമിയുടെ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥാവകാശം നിയമപ്രകാരം നൽകുന്നതിന് ഒരു നിയമം നിർമ്മിക്കാനുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | സ്വകാര്യ ഭൂമിക്ക് സമീപമുള്ള പൊതു ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തീർണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിനുശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ സർക്കാർ ഭൂമികൾ മുഴുവനും ഭൂമിയിൽ റീഫിക്സ് ചെയ്ത് വിസ്തീർണ്ണം നിലനിറുത്തി വിസ്തീർണ്ണത്തിലും അളവിലും കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് സ്വകാര്യ ഭൂമികളുടെ സർവെ നടത്തുന്നത്. സ്വകാര്യ ഭൂമിക്ക് സമീപമുള്ള സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവില്ലെന്ന് ഉറപ്പാക്കിയതിന് ശേഷം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള അധികഭൂമിക്ക് അവകാശരേഖ നൽകുന്നതിനായി നിയമം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളതും ആയത് സർക്കാർ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ